ഉത്തരം

(എ ആന്റ് ബി) കോട്ടുളി വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിന്റെ 3 സെന്റ് സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടി സ്വീകരിച്ചുവരുന്നു.

(സി ആന്റ് ഡി) ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കഴിയുന്നതും വേഗം നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## മിനി സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി

9 [2149] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിൽപ്പെട്ട കതിരൂർ ഗ്രാമ പഞ്ചായത്തിലെ പൊന്ന്യം മിനി സ്റ്റേഡിയം നിർമ്മാണത്തിനായി സർക്കാർ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ടി സ്ഥലം പഞ്ചായത്തിന് കൈമാറാൻ സാധിക്കുമോ?

ഉത്തരം

(എ) കതിരൂർ വില്ലേജിൽ റീസർവ്വേ നമ്പർ 39/3-ൽപ്പെട്ട 85 സെന്റ് ഭൂമി കതിരൂർ ഗ്രാമ പഞ്ചായത്തിന് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

## ഇടുക്കിയിൽ റീ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്ന വില്ലേജുകൾ

10 [2152] ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. ജോർജ് ജെ. മാത്യു:
,, കെ. സുധാകരൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഏതെല്ലാം വില്ലേജുകളിൽ റീ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ റീ സർവ്വേ നടത്തുന്നതുകൊണ്ട് വ്യാജ പട്ടയങ്ങൾ കണ്ടു പിടിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ എല്ലാ വില്ലേജുകളിലും റീ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) റീ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതുവഴി വ്യാജ പട്ടയങ്ങൾ കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്.

മൂന്നാറിൽ ടാറ്റാ ടീ-യുടെ കൈവശമുള്ള ഭൂമി

11 [2153] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ടാറ്റാ ടീ-യുടെ കൈവശം എത്ര ഭൂമി ഉണ്ടെന്ന് അറിയാൻ 1996-ലെ ഉത്തരവുപ്രകാരം നടന്ന പ്രത്യേക സർവ്വേ ജോലികൾക്ക് സർക്കാർ എത്ര രൂപ ചെലവാക്കി; ഇനം തിരിച്ച് തുക വ്യക്തമാക്കുമോ;

(ബി) ഈ തുക സർക്കാർ ഖജനാവിൽ നിന്നാണോ ചെലവാക്കിയത്;

(സി) ഈ സർവ്വേയ്ക്കുവേണ്ടി ടാറ്റാ ടീ എത്ര രൂപ ഖജനാവിലടച്ചിട്ടുണ്ട്;

(ഡി) ആരൊക്കെ ഉൾപ്പെട്ട ടീമാണ് സർവ്വേ നടത്തിയത്; വിശദമാക്കാമോ;

(ഇ) ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ എത്ര ഏക്കർ ഭൂമി ടാറ്റായുടെ കയ്യിലുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു; വിശദമാക്കുമോ;

(എഫ്) ടാറ്റാ ടീ-യുടെ കയ്യിൽ സർക്കാർ ഭൂമി ഉണ്ടെങ്കിൽ അത് തിരിച്ചു പിടിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ജി) മൂന്നാർ മേഖലയിൽ ടാറ്റായുടെ കയ്യിൽ എത്ര ഏക്കർ ഭൂമിയുണ്ട്?

ഉത്തരം

(എ) അളവ്ബത്ത, ഡീമാർക്കേഷൻ ചാർജ്, ചെയിൻമാൻ കൂലി, വാഹന വാടക എന്നീ ഇനങ്ങളിലായി 48,14,030 രൂപ ചെലവായിട്ടുണ്ട്. ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 8,16,701 രൂപയും ചെലവായി.

(ബി) അതെ.

LIBRARY ARCHIVES Kerala Legislative Assembly